# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.07.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ഒളിമ്പിക്സ് ലോകവേദിയിൽ ഇന്ത്യൻ ത്രിവർണപതാക ഉയർത്താൻ രാജ്യത്തെ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് മൻകി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **PM Narendra Modi in his Mann ki Baat programme urges everyone to encourage the country's athletes to hoist the Indian tricolor flag at the Olympic venue**

2. രാജ്യത്ത് ഖാദി ഗ്രാമവ്യവസായത്തിന്റെ വിറ്റുവരവിലുണ്ടായ വർധന സ്ത്രീകൾക്ക് ഗുണകരമായെന്ന് പ്രധാനമന്ത്രി.

   **The Prime Minister says that the increase in the turnover of Khadi village industry is beneficial for the women in the country**

3. ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര വിദേശകാര്യമന്ത്രി എസ് ജയശങ്കർ ടോക്കിയോയിലെത്തി.

   **Union External Affairs Minister S Jaishankar arrives in Tokyo to attend the Quad Foreign Ministers' meeting**

4. ഡൽഹിയിലെ സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിന്റെ അടിത്തട്ടിൽ വെള്ളം കയറി മലയാളി ഉൾപ്പെടെ മൂന്ന് പേർ മരിച്ചു.

   **Three UPSC aspirants including a Keralite, dead after flooding in the basement of a coaching center in Delhi**

5. പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണ പ്രതീക്ഷയുമായി ഇന്ത്യയുടെ ഷൂട്ടിങ് താരം മനു ഭാകർ ഇന്നിറങ്ങും.

India's shooting star Manu Bhakar will compete in the Paris Olympics today

6. ഏഷ്യാ കപ്പ് - വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ-ശ്രീലങ്ക ഫൈനൽ പോരാട്ടം.

India - SriLanka Asia Cup - Women's T20 Cricket Final will be held today.

$$$$$$$$$$$$$$$$$$$$$$

# HEADLINE-1

**MKB- OLYMPICS**

ലോകവേദിയിൽ ത്രിവർണപതാക ഉയർത്താനും, രാജ്യത്തിനായി എന്തെങ്കിലും ചെയ്യാനും ഒളിമ്പിക്സ് കായികതാരങ്ങൾക്ക് അവസരം നൽകുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പാരീസ് ഒളിമ്പിക്സിൽ മത്സരിക്കുന്ന രാജ്യത്തിന്റെ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കാമെന്നും പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. അടുത്തിടെ നടന്ന അന്താരാഷ്ട്ര ഗണിതശാസ്ത്ര ഒളിമ്പ്യാഡിൽ ഭാരതത്തിലെ വിദ്യാർത്ഥികൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. 100 ലധികം രാജ്യങ്ങളിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്ത ഒളിമ്പ്യാഡിൽ, ആദ്യ അഞ്ച് സ്ഥാനങ്ങളിൽ എത്തുന്നതിലൂടെ വിദ്യാർത്ഥികൾ രാജ്യത്തിന്റെ പ്രൗഢി ഉയർത്തി. ഗണിതശാസ്ത്ര ഒളിമ്പ്യാഡിൽ വിജയികളായ വിദ്യാർത്ഥികളോട് മൻ കി ബാത്തിൽ പ്രധാനമന്ത്രി സംവദിച്ചു.

$$$$$$$$$$$$$$$$$$$$$$

# HEADLINE-2

**MKB- KHADI, DRUGS, TIGERS (INTRO)**

രാജ്യത്ത് ഖാദി ഗ്രാമവ്യവസായത്തിന്റെ വിറ്റുവരവ് ഒന്നരലക്ഷം കോടി കടന്നിരിക്കുന്നുവെന്നും, ഖാദിയുടെ വിൽപന 400 ശതമാനം വർധിച്ചുവെന്നും പ്രധാനമന്ത്രി പറഞ്ഞു. വർദ്ധിച്ചുവരുന്ന വിൽപ്പന, മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. ഖാദി വ്യവസായവുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് സ്ത്രീകൾ ആണെന്നും അവർക്കാണ് വളർച്ചയുടെ പ്രയോജനം കൂടുതൽ ലഭിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി

(ഹോൾഡ്-പി എം വോയ്സ്)

മയക്കുമരുന്നിന്റെ വെല്ലുവിളികളെ നേരിടാൻ സർക്കാർ ആരംഭിച്ച 'മാനസ്' പോർട്ടലും ഹെൽപ് ലൈനും, അവയ്ക്കെതിരെയുള്ള പോരാട്ടത്തിലെ വലിയൊരു ചുവടുവയ്പ്പാണെന്നും ശ്രീ മോദി പരാമർശിച്ചു. നാളെ 'ലോക കടുവദിനം ആണെന്ന് ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, കടുവകൾ നമ്മുടെ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് പറഞ്ഞു. പൊതുജന പങ്കാളിത്തം കടുവകളുടെ സംരക്ഷണത്തിൽ വളരെയധികം സഹായിക്കുന്നു. ഭാരതത്തിൽ കടുവകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്നതും, ലോകത്തിലെ കടുവകളിൽ 70 ശതമാനവും നമ്മുടെ രാജ്യത്താണെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

## MKB- CULTURE

സ്വന്തം സംസ്കാരത്തിൽ അഭിമാനം കൊള്ളുന്നതിലൂടെ മാത്രമേ രാജ്യത്തിന് മുന്നോട്ട് പോകാനാവൂ എന്ന് ശ്രീ. നരേന്ദ്ര മോദി പറഞ്ഞു. യുനെസ്കോയുടെ ലോക പൈതൃക കേന്ദ്ര പട്ടികയിൽ ആസമിലെ ചരായിദേവ് മൊയ്ദാം ഉൾപ്പെടുത്താൻ പോകുകയാണെന്നും, ഇത് ഇന്ത്യയിലെ 43-ാമത്തേയും, വടക്കു കിഴക്കൻ മേഖലയിലെ ആദ്യത്തെയും ലോക പൈതൃക കേന്ദ്രമായിരിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അഹോം രാജവംശത്തിലെ ജനങ്ങൾ തങ്ങളുടെ പൂർവ്വികരുടെ മൃതദേഹങ്ങളും അവരുടെ വിലപിടിപ്പുള്ള വസ്തുക്കളും സൂക്ഷിച്ചിരുന്ന കുന്ന് പോലെയുള്ള നിർമ്മിതികളാണ് മൊയ്ദാം. ലോക പൈതൃക കേന്ദ്രമാകുന്നതോടെ, കൂടുതൽ വിനോദസഞ്ചാരികൾ ഇവിടെയെത്തുമെന്നു പറഞ്ഞ പ്രധാനമന്ത്രി, ഭാവി യാത്രകളിൽ ഇവിടം ഉൾപ്പെടുത്തണമെന്നും നിർദേശിച്ചു. വഴിയോരങ്ങളിലും ചുവരുകളിലും അടിപ്പാതകളിലും മനോഹരമായ ചിത്രങ്ങൾ വരയ്ക്കുന്ന Public Art of India സംരംഭത്തെ കുറിച്ചും അദ്ദേഹം പരാമർശിച്ചു.

$$$$$$$$$$$$$$$$$$$$$$

## MANN KI BAAT – CAMPAIGN INTRO

'ഏക് പേട് മാ കേ നാം' പ്രചാരണത്തിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി

മധ്യപ്രദേശിലെ ഇൻഡോറിൽ ഒരു ദിവസം രണ്ടുലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതായി അദ്ദേഹം മൻ കി ബാത്തിൽ ചൂണ്ടിക്കാട്ടി. അമ്മയുടെ പേരിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന ഈ പ്രചാരണത്തിൽ എല്ലാവരും പങ്കാളികളാകണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

(PM VOICE)

$$$$$$$$$$$$$$$$$$$$$$

**<u>MKB- HAR GHAR TIRANGA (INTRO)</u>**

സമീപ വർഷങ്ങളിൽ സ്വാന്തന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് 'ഹർ ഘർ തിരംഗ' പ്രചാരണ പരിപാടിയുടെ ആവേശം രാജ്യമെമ്പാടും ഉയർന്നു. ത്രിവർണ്ണപതാകയുടെ പ്രൗഢിയിൽ, ഇത് അതുല്യമായ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു. ഈ വർഷവും ദേശീയപതാകയ്ക്കൊപ്പമുള്ള സെൽഫികൾ '<u>harghartiranga.com</u>' ൽ അപ്‌ലോഡ് ചെയ്യാൻ ശ്രീ. മോദി ആഹ്വാനം ചെയ്തു.

(ഹോൾഡ്- PM VOICE))

ആഗസ്റ്റ് 15 ന് മുന്നോടിയായി വിവിധ നിർദ്ദേശങ്ങൾ MyGov പ്ലാറ്റ്‌ഫോമിലൂടെയും, NaMo ആപ്പിലൂടെയും അയക്കാൻ അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. സ്വാതന്ത്ര്യ ദിനത്തിൽ രാജ്യത്തെ അഭിസംബോധന ചെയ്യുമ്പോൾ കഴിയുന്നത്ര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുമെന്നും അദ്ദേഹം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

# HEADLINE- 3

**<u>DAY JAISHANKAR - JAPAN</u>**

രണ്ട് ദിവസത്തെ ജപ്പാൻ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് രാവിലെ ടോക്കിയോയിലെത്തി. ജപ്പാനിലെ ഇന്ത്യൻ അംബാസഡർ സിബി ജോർജ് വിമാനത്താവളത്തിൽ അദ്ദേഹത്തെ

സ്വീകരിച്ചു. ജാപ്പനീസ് വിദേശകാര്യമന്ത്രി യോക്കോ കാമികാവയുടെ ക്ഷണപ്രകാരം നാളെ നടക്കുന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിനായാണ് കേന്ദ്രമന്ത്രിയുടെ സന്ദർശനം. ഇന്തോ-പസഫിക് മേഖലയിലെ സംഭവ വികാസങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൈമാറുന്നതിനൊപ്പം ക്വാഡ് സംരംഭങ്ങളിലെ പുരോഗതിയും ഇന്ത്യ, ജപ്പാൻ, യുഎസ്, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ അവലോകനം ചെയ്യും. ടോക്കിയോയിലെത്തിയ ശേഷം എഡോഗാവയിലെ ഫ്രീഡം പ്ലാസയിൽ മഹാത്മാഗാന്ധിയുടെ പ്രതിമ ശ്രീ. ജയശങ്കർ അനാച്ഛാദനം ചെയ്തു.

$$$$$$$$$$$$$$$$$$$$$

**PM-BJP CM MEET**

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെയും ഉപമുഖ്യമന്ത്രിമാരുടെയും യോഗം ന്യൂഡൽഹിയിലെ ബിജെപി ആസ്ഥാനത്ത് പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, മറ്റ് മുതിർന്ന ബിജെപി നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നു. മുഖ്യമന്ത്രിമാരുമായും ഉപമുഖ്യമന്ത്രിമാരുമായും ശ്രീ മോദി വിവിധ വിഷയങ്ങളിൽ ചർച്ച നടത്തി. സംസ്ഥാനങ്ങളിലെ പ്രധാന പദ്ധതികൾ അവലോകനം ചെയ്യുന്നതിനും കേന്ദ്ര സർക്കാർ ക്ഷേമ സംരംഭങ്ങൾ വിതരണം ചെയ്യുന്നതിനും ലക്ഷ്യമിട്ടാണ് കൃത്യമായ ഇടവേളകളിൽ യോഗം നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$

# HEADLINE-4

**DELHI STUDENT DEATH**

സെൻട്രൽ ഡൽഹിയിലെ ഓൾഡ് രജീന്ദർ നഗറിലെ സിവിൽ സർവീസ് പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അടിത്തട്ടിൽ ഇന്നലെ വെള്ളം കയറി മലയാളി ഉൾപ്പെടെ മൂന്ന് വിദ്യാർത്ഥികൾക്ക് ജീവഹാനി. എറണാകുളം സ്വദേശി നവീൻ ഡെൽവിനാണ് മരിച്ചത്. തെലങ്കാന,

ഉത്തർപ്രദേശ് സ്വദേശികളായ പെൺകുട്ടികളാണ് മറ്റ് രണ്ട് പേർ. സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$

**OLYMPICS RESULT**

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് വിജയ തുടക്കം. ഇന്നലെ, ഇന്ത്യൻ പുരുഷ ഹോക്കി സംഘം, ന്യൂസിലൻഡിനെ പരാജയപ്പെടുത്തി. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ, ആദ്യ റൗണ്ട് മത്സരം വിജയിച്ചു. ബാഡ്മിന്റൺ ഡബിൾസിൽ, ചിരാഗ് ഷെട്ടി-സാത്വിക്സായിരാജ് രങ്കിറെഡ്ഡി സഖ്യവും മികച്ച വിജയം നേടി. പുരുഷ സിംഗിൾസ് ടേബിൾ ടെന്നീസ് പ്രാഥമിക റൗണ്ടിൽ ഹർമീത് ദേശായി വിജയിച്ചു. റോവിങ്ങിൽ ബൽരാജ് പൻവാർ, പുരുഷന്മാരുടെ സിംഗിൾ സ്കൾസ് ഇനത്തിൽ നാലാം സ്ഥാനത്തോടെ റെപ്പെഷാജ് റൗണ്ടിലെത്തി. വനിതകളുടെ 54 കിലോഗ്രാം ബോക്സിംഗ് വിഭാഗത്തിൽ പ്രീതി പവാർ, പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

$$$$$$$$$$$$$$$$$$$$$$

# HEADLINE- 5

**OLYMPICS SCHEDULE**

പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണ പ്രതീക്ഷയുമായി ഇന്ത്യയുടെ ഷൂട്ടിങ് താരം മനു ഭാകർ ഇന്നിറങ്ങും. ഇന്ന് വൈകിട്ട് വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ ഫൈനലിൽ മനു ഭാകർ മത്സരിക്കും. വനിതകളുടെ അമ്പെയ്ത്തിൽ ദീപിക കുമാരി, അങ്കിത ഭകത്, ഭജൻ കൗർ എന്നിവർ സെമി ഫൈനൽ യോഗ്യത ലക്ഷ്യമിട്ടാണ് ഇന്ന് മത്സരിക്കുന്നത്. **ബാഡ്മിന്റൺ** വനിതാ സിംഗിൾസിൽ, പി. വി. സിന്ധുവും പുരുഷ സിംഗിൾസിൽ എച്ച്. എസ്. പ്രണോയ്-യും ഇന്ന് കളത്തിലിറങ്ങും. പാരീസ് ഒളിമ്പിക്സിലെ ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ അത്‌ലറ്റ് ധിനിധി ദേസിംഘും ഇന്ന് 200 മീറ്റർ ഫ്രീസ്റ്റൈൽ നീന്തലിൽ മത്സരിക്കും.

$$$$$$$$$$$$$$$$$$$$$$

# HEADLINE-6

## WOMEN ASIA CUP

ഏഷ്യാ കപ്പ് - വനിതാ ട്വന്റി-20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. സെമി ഫൈനലിൽ ഇന്ത്യ ബംഗ്ലാദേശിനെയും ശ്രീലങ്ക പാകിസ്ഥാനെയും തോൽപ്പിച്ചിരുന്നു. വൈകിട്ട് മൂന്നിന് ശ്രീലങ്കയിലെ ദംബുള്ളയിലാണ് ഫൈനൽ. എട്ടാം തവണ ഏഷ്യാകപ്പ് കിരീടം നേടാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.

$$$$$$$$$$$$$$$$$$$$$$

## INDIA-SRI LANKA-T20

ശ്രീലങ്കയിൽ നടക്കുന്ന ഇന്ത്യ-ശ്രീലങ്ക ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് രാത്രി 7 മണിക്ക് നടക്കും. ഇന്നലെ നടന്ന മത്സരത്തിൽ 43 റൺസിന് ആതിഥേയരായ ശ്രീലങ്കയെ ഇന്ത്യ പരാജയപ്പെടുത്തിയിരുന്നു.

$$$$$$$$$$$$$$$$$$$$$$

## KARNATAKA - SHIROOR

കർണാടകത്തിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ തുടരുന്നു. പ്രാദേശിക മുങ്ങൽ വിദഗ്ധനായ ഈശ്വർ മാൽപെയുടെ നേതൃത്വത്തിലുള്ള സംഘം ഇന്നും പരിശോധന നടത്തുന്നുണ്ട്. ഗംഗാവലി നദിയിലെ അടിയൊഴുക്കാണ് ദൗത്യ സംഘം നേരിടുന്ന വലിയ വെല്ലുവിളി. പ്രാദേശിക മത്സ്യത്തൊഴിലാളികളടക്കം നിരവധി പേർ തിരച്ചിലിൽ പങ്കാളികളാണ്.

$$$$$$$$$$$$$$$$$$$$$$

## WORLD HEPPATITIS DAY

ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം. ഹെപ്പറ്റൈറ്റിസ് പ്രതിരോധത്തെ കുറിച്ച് അവബോധം വളർത്തുക, പരിശോധന, ചികിത്സ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "ഇത് പ്രവർത്തിക്കാനുള്ള സമയമാണ്" എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിന്റെ ഭാഗമായി ലക്ഷദ്വീപ് ആരോഗ്യ വകുപ്പിന്റെ കീഴിൽ എല്ലാ ദ്വീപുകളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$

## IIST- ABDUL KALAM COMMEMMORATION

തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ഒൻപതാമത് എപിജെ അബ്ദുൽ കലാം അനുസ്മരണ പ്രഭാഷണം നാളെ നടക്കും. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യ പ്രഭാഷണം നടത്തും. വിഎസ് എസ് സി ഡയറക്ടർ ഡോ.ഉണ്ണികൃഷ്ണൻ നായർ എസ് അധ്യക്ഷത വഹിക്കും.

$$$$$$$$$$$$$$$$$$$$$$

## STADIUM ATTACK ISRAEL

ഇസ്രായേൽ അധീനതയിലുള്ള ഗോളൻ ഹൈറ്റ്സിൽ ഇന്നലെയുണ്ടായ റോക്കറ്റ് ആക്രമണത്തിൽ 12 മരണം. ഒരു ഫുട്ബോൾ മൈതാനത്തിലേക്കായിരുന്നു റോക്കറ്റ് ആക്രമണം. സംഭവത്തിന് പിന്നിൽ ഹിസ്ബൊള്ളയാണെന്ന് ഇസ്രായേൽ ആരോപിച്ചു. എന്നാൽ, ഹിസ്ബൊള്ള ഇത് നിഷേധിച്ചു.

$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$